അബ്ദുൽ മജീദ് കെ.പി.
പ്രസിഡണ്ട്, കൊളച്ചേരി ഗ്രാമപഞ്ചായത്ത്
പി.ഒ. കൊളച്ചേരി
കണ്ണൂർ ജില്ല - പിൻ 670 601

മൊബൈൽ : 9447851622
9496049061

**ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും ശ്രദ്ധേയമായ മാറ്റമാണ് അധികാര വികേന്ദ്രീകരണം. ഭരണ സിരാകേന്ദ്രങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരം ജനങ്ങളിലെത്തുകയും പ്രദേശിക ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുന്ന സുപ്രധാനമായ ഭരണഘടനാ ഭേദഗതിയോടുകൂടി പങ്കാളിത്ത ജനാധിപത്യത്തിന്റെ സുപ്രധാനമായ മാറ്റം പ്രകടമായികൊണ്ടിരിക്കുന്ന ഒരു മാതൃകാ സംസ്ഥാനമാണ് കേരളം. തദ്ദേശ സ്വയംഭരണത്തിൽ ജനങ്ങൾക്ക് കൂടി പങ്കാളിത്തം നൽകി കൊണ്ട് അവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ വളർച്ചയ്ക്ക് ആവശ്യമായ തരത്തിലുള്ള ഭരണക്രമം ചിട്ടപ്പെടുത്തുക എന്നതാണ് വികേന്ദ്രീകൃത ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്.**

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് ഏതൊക്കെ സഹായങ്ങളാണ് ലഭ്യമാവുക, അതിനുള്ള കാലതാമസം എത്രത്തോളമാണ് എന്നൊക്കെ സാധരണക്കാരെ ബോധ്യപ്പെടുത്തുന്നതിനാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. ഇതുവഴി ഭരണത്തിൽ സുതാര്യതയും, കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്ക് കൃത്യസമയത്ത് സേവനം ലഭ്യമാക്കുന്നതിനും പൗരാവകാശരേഖ സഹായിക്കുന്നു.**

**കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ ആദ്യമായല്ല പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. ഇതൊരു ഭരണ ക്രമത്തിന്റെ തുടർച്ചയാണ്. കാലാനുസൃതമായ മാറ്റങ്ങൾ ജനങ്ങളെ അറിയിക്കുക എന്നതുകൂടി പൗരാവകാശരേഖ പരിഷ്കരണംകൊണ്ട് ഉദ്ദേശിക്കുന്നു.**

**പൗരാവകാശരേഖ പ്രസിദ്ധീകരണത്തോടുകൂടി നമ്മുടെ എല്ലാ ആവശ്യങ്ങളും സംരക്ഷിക്കപ്പെട്ടു കൊള്ളണമെന്നില്ല. നിയമത്തിന്റെ തലനാരിഴ കീറിയുള്ള പരിശോധനകളും ചിലപ്പോൾ വിശദീകരണങ്ങളും വേണ്ടിവന്നേക്കാം. അപ്പോൾ ജനങ്ങളും ഉദ്യോഗസ്ഥരും തമ്മിലുള്ള അകലം കൂടുന്നതിനും ചില സമയങ്ങളിൽ അകലം കുറക്കുന്നതിനും ഇത് സഹായകമാവാം. ഏതായാലും ജനങ്ങളും ഉദ്യോഗസ്ഥരും തമ്മിലുള്ള അകലം കുറച്ച് സൗഹൃദം വർദ്ധിപ്പിക്കുന്നതിന് ഈ പൗരാവകാശരേഖ സഹായിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് സമർപ്പിക്കുന്നു.**

**എന്ന്**

(ഒപ്പ്)
അബ്ദുൽ മജീദ് കെ.പി.
പ്രസിഡണ്ട്, കൊളച്ചേരി ഗ്രാമപഞ്ചായത്ത്



# കൊളച്ചേരി ഗ്രാമപഞ്ചായത്ത്

## പൗരാവകാശരേഖ – പ്രഖ്യാപനം

### പ്രാബല്യം 01–04–2020

ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും കൊളച്ചേരി ഗ്രാമപഞ്ചായത്ത് വഴിയും, കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾ വഴിയും കൊളച്ചേരി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് സമയ ബന്ധിതമായി ലഭിക്കുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ പ്രകാരം)

രേഖയിൽ പറയുന്ന ക്ഷേമ പദ്ധതികൾ സർക്കാറിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായിരിക്കും.

ധനസഹായം ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ലഭിക്കുന്നതനുസരിച്ച് മാത്രമേ വിതരണം ചെയ്യുകയുള്ളൂ

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി

**അബ്ദുൽ മജീദ് കെ. പി.**
(പ്രസിഡണ്ട്)

**സജിമ എം.**
(വൈസ്. പ്രസിഡണ്ട് & ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ)

**കെ. പി. അബ്ദുൽ സലാം**
(വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

**അസ്മ കെ. പി.**
(ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ)

**കെ. ബാലസുബ്രഹ്മണ്യൻ**
(ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

## അംഗങ്ങൾ

നിസ്സാർ എൽ.
നാരായണൻ കെ.പി.
പ്രിയേഷ് കെ.
മുഹമ്മദ് അഷ്റഫ് കെ.
സമീറ സി.വി.
നാസിഫ പി.വി.
എൻ.പി. സുമയ്യത്ത്
ഗീത വി.വി.
അജിത ഇ.കെ.
പി.വി. വത്സൻ മാസ്റ്റർ
സീമ കെ.സി.
റാസിന എം.

സെക്രട്ടറി : രാഹുൽ രാമചന്ദ്രൻ

# കൊളച്ചേരി ഗ്രാമപഞ്ചായത്ത്
# പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | : | കൊളച്ചേരി |
| വില്ലേജുകൾ | : | കൊളച്ചേരി, ചേലേരി |
| വിസ്തൃതി | : | 20.72 ച. കി മീ. |
| ബ്ലോക്ക് | : | എടക്കാട് |
| താലൂക്ക് | : | തളിപ്പറമ്പ് |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | 2 |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 3 |
| വാർഡുകൾ | : | 17 |
| ജനസംഖ്യ (2014 സെൻസസ്) | : | 27943 (മൊത്തം) |
| ആൺ | : | 15970 |
| പെൺ | : | 15834 |
| പട്ടിക ജാതിക്കാർ | : | 1525 |
| അസംബ്ലി നിയോജക മണ്ഡലം | : | തളിപ്പറമ്പ് |
| പാർലിമന്റ് നിയോജക മണ്ഡലം | : | കണ്ണൂർ |
| എം. എൽ. എ | : | എം.വി. ഗോവിന്ദൻ മാസ്റ്റർ |
| എം. പി | : | കെ. സുധാകരൻ |
| ജില്ലാ പഞ്ചായത്ത് മെമ്പർമാർ | : | താഹിറ കെ. (കൊളച്ചേരി ഡിവിഷൻ)<br>വി.കെ. സുരേഷ് ബാബു (കൂടാളി ഡിവിഷൻ) |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | : | ടി.വി. ശമീമ (കമ്പിൽ ഡിവിഷൻ)<br>പ്രസീത ടീച്ചർ സി.എം. (കൊളച്ചേരി ഡിവിഷൻ)<br>കെ.വി. കബീർ (കാനിച്ചേരി ഡിവിഷൻ) |

# കൊളച്ചേരി ഗ്രാമപഞ്ചായത്തും കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളും

| | | | |
|---|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് | : | കൊളച്ചേരി |
| 2. | കൃഷി ഭവൻ | : | കൊളച്ചേരി |
| 3. | പ്രൈമറി ഹെൽത്ത് സെന്റർ | : | കൊളച്ചേരി |
| 4. | പ്രൈമറി ഹെൽത്ത് സെന്റർ | : | പാമ്പുരുത്തി |
| 5. | ആയുർവേദ ഡിസ്പെൻസറി | : | കമ്പിൽ (NHM) |
| 6. | ഹോമിയോ | : | കമ്പിൽ (NHM) |
| 7. | വെറ്ററിനറി ഡിസ്പെൻസറി | : | കൊളച്ചേരി |
| 8. | വി ഇ ഒ ഓഫീസ് | : | കൊളച്ചേരി |
| 9. | ഗവ. എൽ. പി സ്ക്കൂൾ | : | പെരുമാച്ചേരി |
| 10. | ഗവ. മാപ്പിള എൽ. പി സ്ക്കൂൾ | : | ചേലേരി |
| 11. | അംഗൻവാടികൾ | : | 26 |
| 12. | ശിശുമന്ദിരം | : | കൊളച്ചേരിപ്പറമ്പ് |
| 13. | സബ്ബ് സെന്റർ | : | കരിങ്കൽകുഴി |
| 14. | സബ്ബ് സെന്റർ | : | പള്ളിപ്പറമ്പ് |
| 15. | സബ്ബ് സെന്റർ | : | കയ്യങ്കോട് |
| 16. | വൃദ്ധജന വിശ്രമകേന്ദ്രം | : | കൊളച്ചേരിപ്പറമ്പ് |
| 17. | പൊതുജന വായനശാല | : | കമ്പിൽ |
| 18. | സി ആർ സി വായനശാല | : | പെരുമാച്ചേരി |

# പഞ്ചായത്തിലെ മറ്റു സ്ഥാപനങ്ങൾ

## സേവനങ്ങൾ

ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് - കൊളച്ചേരി

സബ് പോസ്റ്റാഫീസ് - കൊളച്ചേരി

ബ്രാഞ്ച് പോസ്റ്റാഫീസ് - ചേലേരി

ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് - കൊളച്ചേരി

കെ. ഡബ്ല്യൂ. എ. അസി. എഞ്ചിനീയറുടെ ഓഫീസ് - കൊളച്ചേരി

വില്ലേജ് ഓഫീസ് - കൊളച്ചേരി

വില്ലേജ് ഓഫീസ് - ചേലേരി

സബ് ട്രഷറി - കൊളച്ചേരി

മാവേലി സ്റ്റോർ - ചേലേരി

പെട്രോൾപമ്പ് - കൊളച്ചേരിമുക്ക്

എൽ ഐ സി ബ്രാഞ്ച് ഓഫീസ് - കൊളച്ചേരിമുക്ക്

## വിദ്യഭ്യാസ സ്ഥാപനങ്ങൾ

കമ്പിൽ മാപ്പിള ഹൈസ്ക്കൂൾ
പാമ്പുരുത്തി മാപ്പിള എ യു പി സ്ക്കൂൾ
കൊളച്ചേരി എ യു പി സ്ക്കൂൾ
ചേലേരി എ യു പി സ്ക്കൂൾ
ഇ പി കൃഷ്ണൻ നമ്പ്യാർ സ്മാരക എൽ പി സ്ക്കൂൾ
പാട്ടയം എ എൽ പി സ്ക്കൂൾ
കമ്പിൽ മാപ്പിള എ എൽ പി സ്ക്കൂൾ
മാലോട്ട് എ എൽ പി സ്ക്കൂൾ
ചേലേരി മാപ്പിള എ എൽ പി സ്കൂൾ
കാരയാപ്പ് എ എൽ പി സ്ക്കൂൾ
നണിയൂർ എ എൽ പി സ്ക്കൂൾ
കമ്പിൽ എ എൽ പി സ്ക്കൂൾ - ചെറുക്കുന്ന്
നൂഞ്ഞേരി എ എൽ പി സ്ക്കൂൾ
നൂറുൽ ഇസ്ലാം അൺഎയ്ഡഡ് യു പി സ്ക്കൂൾ - നൂഞ്ഞേരി
സാന്ദീപനി വിദ്യാലയം - ചേലേരി
GEMS കൊളച്ചേരിമുക്ക്
ഹിദായത്തുസ്വിബിയാൻ ഇംഗ്ലീഷ് സ്കൂൾ - പളളിപ്പറമ്പ്
ബ്രില്യന്റ് അക്കാഡമി - കൊളച്ചേരിമുക്ക്
അക്ഷര കോളേജ് - കമ്പിൽ
മാഹാത്മാ വിമൻസ് കോളേജ് - കമ്പിൽ
ജയന്തി കോളേജ് - കമ്പിൽ
കരിങ്കൽകുഴി നഴ്സറി സ്കൂൾ
ബഡ്സ് സ്പെഷ്യൽ സ്കൂൾ - കൊളച്ചേരിപ്പറമ്പ്

## ധനകാര്യ സഹകരണ സ്ഥാപനങ്ങൾ

നോർത്ത് മലബാർ ഗ്രാമീണ ബേങ്ക് -
ബ്രാഞ്ച് കമ്പിൽ

കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് -
ബ്രാഞ്ച് കമ്പിൽ

മുല്ലക്കൊടി കോ- ഓപ്പ് റൂറൽ ബേങ്ക് -
ബ്രാഞ്ച് കമ്പിൽ

മുല്ലക്കൊടി കോ- ഓപ്പ് റൂറൽ ബേങ്ക് -
ബ്രാഞ്ച് കരിങ്കൽകുഴി

മുല്ലക്കൊടി കോ- ഓപ്പ് റൂറൽ ബേങ്ക് -
സായാഹ്നശാഖാ കമ്പിൽ

മുല്ലക്കൊടി കോ- ഓപ്പ് റൂറൽ ബേങ്ക് -
സായാഹ്നശാഖാ ചേലേരിമുക്ക്

മുല്ലക്കൊടി കോ- ഓപ്പ് റൂറൽ ബേങ്ക് -
വനിതാശാഖാ - കമ്പിൽ

കൊളച്ചേരി സർവ്വീസ് സഹകരണബേങ്ക് -
ചേലേരി

കൊളച്ചേരി സർവ്വീസ് സഹകരണബേങ്ക് -
ബ്രാഞ്ച് കമ്പിൽ

കൊളച്ചേരി സർവ്വീസ് സഹകരണബേങ്ക് -
ബ്രാഞ്ച് പളളിപ്പറമ്പ്

കൊളച്ചേരി സർവ്വീസ് സഹകരണബേങ്ക് -
സായാഹ്നശാഖാ കൊളച്ചേരിമുക്ക്

കമ്പിൽ അർബൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി -
കമ്പിൽ

ചേലേരി വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റി -
ചേലേരി

കൊളച്ചേരി വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റി -
കൊളച്ചേരി

കൊളച്ചേരി ഗ്രാമീണ വനിത കോ- ഓപ്പറേറ്റീവ് സൊസൈറ്റി -
പന്ന്യങ്കണ്ടി

കൊളച്ചേരി ക്ഷീരോൽപ്പാദക സൊസൈറ്റി സഹകരണ സംഘം -
കരിങ്കൽകുഴി

കായച്ചിറ ക്ഷീരോൽപ്പാദക സഹകരണ സംഘം -
കായച്ചിറ

കാർഷീക കർമ്മസേനാ സംഘം, കൊളച്ചേരി

# കൊളച്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയം

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | സിക്രട്ടറി | 1 |
| 2 | അസി. സിക്രട്ടറി | 1 |
| 3 | ഹെഡ് ക്ലർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലർക്ക് | 2 |
| 6 | ക്ലർക്ക് | 4 |
| 7 | ഓഫീസ് അറ്റന്റന്റ് | 1 |
| 8 | പി ടി എസ് | 1 |
| 9 | ടെക്നിക്കൽ അസി. (താൽക്കാലികം) | 1 |
| 10 | ഡ്രൈവർ (താൽക്കാലികം) | 1 |

എൽ. എസ്. ജി. ഡി വിംഗ്

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസി. എഞ്ചിനീയർ | 1 |
| 2 | ഓവർസിയർ | 2 |
| 3 | ക്ലർക്ക് | 1 |

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അക്രഡിറ്റഡ് എഞ്ചിനീയർ | 1 |
| 2 | ഓവർസിയർ | 1 |
| 3 | അക്കൗണ്ടന്റ് - കം - ഐ.ടി. അസിസ്റ്റന്റ് | 2 |

# പൗരാവകാശ രേഖയുടെ പ്രസക്തി

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 2 സുപ്രധാന വകുപ്പുകളാണ് "അറിയാനുള്ള അവകാശവും പൗരവകാശരേഖയും". തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള പൊതുഭരണം സുതാര്യമാക്കുന്നതിനും പൗരന്മാർക്ക് നിയമാനുസൃതം ലഭിക്കേണ്ട സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും പഞ്ചായത്ത്രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 271 എ പ്രകാരം ഏതൊരു പൗരനും നിയമാനുസൃതമായ നടപടി ക്രമങ്ങളോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിക്കുന്ന ഏതൊരു വിവരവും ആവശ്യപ്പെടാൻ അവകാശമുണ്ട്.

## പൗരാവകാശ രേഖ

കൊളച്ചേരി പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് ഈ പഞ്ചായത്ത് ഓഫീസിൽ നിന്നും കൈമാറ്റം ചെയതു കിട്ടിയ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങളും, അവ ലഭിക്കുന്നതിനാവശ്യമായ സമയപരിധി മുതലായവയും വിശദമായി പ്രതിപാദിക്കുന്ന പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഈ പൗരാവകാശ രേഖ.

ഒരു പൗരന് ഗ്രാമപഞ്ചായത്തിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായും ന്യായമായ ഫീസ് നൽകിയും ലഭിക്കുന്ന അനുവാദ പത്രം, വിവിധ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ മുതലായവ സേവനങ്ങൾ എന്ന വിഭാഗത്തിൽ പെടുന്നു.

## സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബാദ്ധ്യത

ഈ പൗരാവകാശ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള സേവനങ്ങൾ യഥാസമയം അർഹനായ ഒരു അപേക്ഷകന് ലഭ്യമാക്കുന്നതിനുള്ള ബാദ്ധ്യത ഭണസമിതിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും ഉണ്ടായിരിക്കുന്നതും അപ്രകാരം ചെയ്യാത്തപക്ഷം വാഗ്ദാന ലംഘനമായി കണക്കാക്കപ്പെടുന്നതുമാണ്.

അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ, സേവനങ്ങൾ എന്നിവ ന്യായമായ കാരണങ്ങളാൽ നൽകാൻ കഴിയാതെ വന്നാൽ വിവരം അപേക്ഷകനെ കാര്യകാരണ സഹിതം അറിയിക്കേണ്ടതാണ്.

സേവനം നൽകേണ്ടുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുകയോ അനാവശ്യമായ കാലതാമസം ഉണ്ടാക്കുകയോ ചെയ്താൽ അപേക്ഷകന് പഞ്ചായത്ത് പ്രസിഡണ്ടിന് പരാതി നൽകാവുന്നതും പ്രസിഡണ്ട് എത്രയും പെട്ടെന്ന് പരാതി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതുമാണ്.

ഓരോ വർഷത്തെയും അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി ഭരണ സമിതിയുടെ അംഗീകാരത്തോടെ പൗരാവകാശ രേഖ പരിഷ്കരിക്കുന്നതാണ്.

## അറിയുവാനുള്ള അവകാശം

ഗ്രാമപഞ്ചായത്തിന്റെ ഭരണപരവും വികസനപരവുമായ ഒരു പ്രമാണത്തിലോ രേഖയിലോ ഉള്ള വിവരങ്ങൾ അറിയുന്നതിനും അതിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി ആവശ്യപ്പെടുന്നതിനും ഏതൊരു പൗരനും അവകാശമുണ്ട്. എന്നാൽ ഗവൺമെന്റ് പ്രത്യേക വിജ്ഞാപനം വഴി രഹസ്യ സ്വഭാവമുള്ള പ്രമാണമായി പരിഗണിച്ച ഒരു രേഖയിലെ വിവരങ്ങൾ അറിയാൻ ആർക്കും തന്നെ അവകാശമുണ്ടായിരിക്കുന്നതല്ല.

## അപേക്ഷ സമർപ്പിക്കാനുള്ള നടപടി ക്രമങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്നോ കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് നിശ്ചിത ഫോറങ്ങളിലുള്ള അപേക്ഷ പഞ്ചായത്ത് സെക്രട്ടറിക്കോ കൈമാറ്റം ചെയ്ത സ്ഥാപനത്തിന്റെ മേധാവിക്കോ സമർപ്പിക്കേണ്ടതാണ്.

# കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിൽ നിന്നും സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി നിയമപരിധി | നൽ കേണ്ട ഫീസ് |
|---|---|---|---|---|
| 1 | പുതുതായി റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന് ഒരു റേഷൻ കാർഡിലും പേര് ഉൾപ്പെട്ടിട്ടില്ലെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, റേഷൻകാർഡ്, താമസിക്കുന്ന വീട്ടു നമ്പർ, ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ് എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് ബന്ധപ്പെടുക | അതേദിവസം | ഇല്ല |
| 2 | തൊഴിൽരഹിതനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 3 | സ്വഭാവ സർട്ടിഫിക്കറ്റ് | ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 4 | പുനർ വിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 5 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യ ത്തിൽ വിവാഹിതനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 6 | രജിസ്റ്റർ ചെയ്യാത്ത സാഹചര്യ ത്തിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 7 | പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തെ സാഹചര്യത്തിൽ പിന്തുടർച്ചാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 8 | ലൈഫ് സർട്ടിഫിക്കറ്റ് | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളോ (അധികാരപ്പെടുത്തിയ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം) ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | അതേദിവസം | ഇല്ല |
| 9 | ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ | ഒപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മുമ്പാകെ നേരിട്ട് ഹാജരായി ഒപ്പിടേണ്ടതും, പകർപ്പ് സാക്ഷ്യപ്പെടുത്തുന്നതിന് അസ്സൽ രേഖ ഹാജരാക്കേണ്ടതുമാണ്. | അതേദിവസം | ഇല്ല |
| 10 | സ്റ്റേറ്റ്മെന്റുകളും, പ്രസ്താവനകളും സാക്ഷ്യപ്പെടുത്തൽ | ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിച്ച് പ്രസിഡണ്ട് മുമ്പാകെ ഒപ്പ് വെക്കുക. | അതേദിവസം | ഇല്ല |

# കൊളച്ചേരി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും സമയബന്ധിതമായി ലഭിക്കുന്ന സേവനങ്ങൾ

## സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽ കേണ്ട ഫീസ് |
|---|---|---|---|---|
| 1 | ജനനം - മരണം നിർജ്ജീവ ജനനം എന്നിവയുടെ രജിസ്ട്രേഷനും പന്ത്രണ്ടാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റ് നൽകലും | എ) വീട്ടിൽവെച്ച് നടക്കുന്ന ജനനം-മരണ, നിർജ്ജീവ ജനനങ്ങൾ 21 ദിവസത്തിനുള്ളിൽ വീട്ടിലെ മുതിർന്ന അംഗം പഞ്ചായത്തിലെ നിശ്ചിത ഫോറത്തിൽ ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) റിപ്പോർട്ട് നൽകേണ്ടതാണ്.<br>ബി)ആശുപത്രിയിൽവെച്ച് നടക്കുന്ന ജനന-മരണ നിർജ്ജീവ ജനനങ്ങൾ ആശുപത്രി അധികൃതരും മറ്റ് സ്ഥലങ്ങളിൽവെച്ച് നടക്കുന്നവ അവയുടെ ഉടമകളും 21 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. | തത്സമയം<br>തത്സമയം | ഇല്ല<br>ഇല്ല |
| 2. | നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്ട്രർ ചെയ്യാൻ കഴിയാത്ത ജനന - മരണ നിർജ്ജീവ ജനനങ്ങളുടെ രജിസ്ട്രേഷൻ താമസിച്ച് രജിസ്ട്രർ ചെയ്യുന്നതിന് | എ)30 ദിവസം വരെ ലോക്കൽ രജിസ്ട്രാറുടെ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) പ്രത്യേകാനുമതിയോടെ (പന്ത്രണ്ടാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയില്ല)<br>ബി)1 വർഷം വരെ ജില്ലാ രജിസ്ട്രാറുടെ (പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കണ്ണൂർ) പ്രത്യേകാനുമതിയോടെ (പന്ത്രണ്ടാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയില്ല.)<br>സി) ഒരു വർഷത്തിന് മേലെ താമസം നേരിട്ടവ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പ്രത്യേകാനുമതിയോടെ (പന്ത്രണ്ടാം വകുപ്പ് പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയില്ല.) | തത്സമയം<br>ജില്ലാ രജിസ്ട്രറുടെ അനുമതി കിട്ടിയാൽ തത്സമയം<br>RDO വിന്റെ അനുമതി കിട്ടിയാൽ തത്സമയം | 2 രൂപ<br>5രൂപ<br>10 രൂപ |
| 3 | വിദേശത്ത് വെച്ച് നടന്ന ജനന രജിസ്ട്രേഷൻ | നിശ്ചിത മാതൃകയിലുള്ള അപേക്ഷ, വിദേശത്ത് തുടർന്ന് താമസിക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന മാതാ -പിതാക്കളുടെ സത്യപ്രസ്താവന, ഇത് സംബന്ധിച്ച് ഇന്ത്യൻ കോൺസുലേറ്റിൽ നിന്നും ലഭിച്ച തെളിവ് എന്നിവസഹിതം ബന്ധപ്പെട്ട വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടു കൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നേരിട്ട് സമീപിക്കുക. | തത്സമയം | ഇല്ല |
| 4 | ജനന മരണ സർട്ടിഫിക്കറ്റുകൾ (പതിനേഴാം വകുപ്പ് പ്രകാരം) | നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ 5രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷകന്റെ പേരിൽ വാങ്ങിയ 20 രൂപയുടെ മുദ്ര പത്രം സഹിതം ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കുക. | 7 ദിവസം | നിശ്ചിത നിരക്കിൽ തിരച്ചിൽ ഫീസും പകർപ്പ് ഫീസും |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 5 | ജനന രജിസ്ട്രറിൽ പേർ ചേർക്കൽ (പതിനാലാം വകുപ്പ് പ്രകാരം) | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പൂരിപ്പിച്ച് കുട്ടിയുടെ അച്ഛനും അമ്മയും ഒപ്പിട്ട് അപേക്ഷയിൽ 5രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (സെക്രട്ടറി) സമർപ്പിക്കുക.<br>എ) ജനനതീയതി മുതൽ 1 വർഷം വരെ<br>ബി) 1 വർഷത്തിൽ കൂടുതൽ 5 വർഷം വരെ<br>സി) 5 വർഷത്തിൽ കൂടുതലായാൽ അപേക്ഷയോടൊപ്പം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സ്കൂൾ വിദ്യാർത്ഥിയാണെങ്കിൽ സ്ക്കൂൾ റെക്കോർഡുകളുടെ പകർപ്പ് എന്നിവ കൂടി ഹാജരാക്കണം. | അന്നേദിവസം<br>അന്നേദിവസം<br>അന്നേദിവസം | ഇല്ല<br>5രൂപ<br>5രൂപ |
| 6. | ജനനം/മരണം രജിസ്ട്രർ ചെയ്യാത്ത സാഹചര്യത്തിൽ നോൺ എവെയവബിലിറ്റി സർട്ടിഫിക്കറ്റ് (രജിസ്ട്രർ ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം) | ജനനം നടന്ന കാലം, സ്ഥലം, മേൽവിലാസം, മാതാപിതാക്കളുടെ എല്ലാ കുട്ടികളുടേയും ജനനക്രമം എന്നിവ കാണിക്കുന്ന അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് എല്ലാ കുട്ടികളുടെയും ജനന സർട്ടിഫിക്കറ്റ്/ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ സഹിതഗ്രാമപഞ്ചായത്ത് ലോക്കൽ രജിസ്ട്രാർക്ക് നൽകുക.മരണം രജിസ്റ്റർ ചെയ്യാത്ത സാഹചര്യത്തിൽ മരണം നടന്ന കാലം, സ്ഥലം, മേൽവിലാസം എന്നിവ കാണിക്കുന്ന അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ ലോക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. | 30 ദിവസം | നിശ്ചിത നിരക്കിൽ |
| 7 | A. ജനനം/മരണ രജിസ്ട്രറുകളിൽ തെറ്റ് തിരുത്തൽ (അക്ഷരപ്പിശകുകൾ മാത്രം)<br><br>B. ജനന/മരണ രജിസ്ട്രേഷനിലെ പേര് തിരുത്തൽ | നിശ്ചിത അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അറിയപ്പെടുന്ന 2 വ്യക്തികളുടെ സാക്ഷ്യപത്രവും തിരുത്തലിന് ആവശ്യമായ രേഖകളും ജനന/മരണ രജിസ്ട്രർ ചെയ്ത സമയത്തോ പിന്നീടോ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് സഹിതം ലോക്കൽ രജിസ്ട്രാർക്ക് (സെക്രട്ടറി) സമർപ്പിക്കുക. | 7 ദിവസം<br><br>7 ദിവസം | ഇല്ല<br><br>50 രൂപ |
| 8 | വിവാഹ രജിസ്ട്രേഷൻ (പൊതു വിവാഹ ചട്ടപ്രകാരം) | പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവാഹങ്ങൾ, വിവാഹതീയ്യതി മുതൽ 45 ദിവസത്തിനുള്ളിൽ ബന്ധുക്കളല്ലാത്ത 2 സാക്ഷികൾ ഒപ്പിട്ട് ഭാര്യാഭർത്താക്കന്മാർ നേരിട്ട് ഓഫീസിൽ ഹാജരായി നിശ്ചിത ഫോറത്തിലുള്ളവിവാഹ മെമ്മോറാണ്ടം 2 കോപ്പി, ഫോട്ടോ പതിച്ച് പൂരിപ്പിക്കേണ്ടതും ഭാര്യ ഭർത്തക്കന്മാരുടെ വയസ്സും ജനന തീയ്യതിയും തെളിയിക്കുന്ന രേഖകൾ, വിവാഹം സംബന്ധിച്ച തെളിവ് (ആരാധനാലയങ്ങൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്) എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. | തത്സമയം | 100 രൂപ സർട്ടിഫിക്കറ്റ്<br><br>ഫീസ് 20 രൂപ |
| 9 | നിശ്ചിത സമയപരിധിക്കകം രജിസ്ട്രർ ചെയ്യാത്ത വിവാഹങ്ങളുടെ രജിസ്ട്രേഷൻ (പൊതുവിവാഹ ചട്ടപ്രകാരം) | 45 ദിവസത്തിനുശേഷം 5 വർഷം വരെ മെമ്മോറാണ്ടത്തിനും അനുബന്ധരേഖകൾക്കും പുറമേ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കുന്ന അപേക്ഷയും ഫോറം 2 ലുളള സാക്ഷ്യപത്രവും ഹാജരാക്കണം | തത്സമയം | രജിസ്ട്രേഷൻ ഫീസ് 100 രൂപ<br><br>100 രൂപ പിഴ |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 10. | | 5 വർഷത്തിനുശേഷം രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. മെമ്മോറാണ്ടത്തിന്റെ കൂടെ നിശ്ചിത ഫോറത്തിൽ എം. പി/എം എൽ എ/വാർഡ് മെമ്പർ നൽകിയ പ്രഖ്യാപനം കോ - ലീവിംഗ് സർട്ടിഫിക്കറ്റ് എന്നിവ കൂടി ഹാജരാക്കണം. | അനുമതി ലഭിക്കുന്ന മുറക്ക് | രജിസ്ട്രേഷൻ ഫീസ് 100 രൂപ സർട്ടിഫിക്കറ്റ് 20 രൂപ 250 രൂപ പിഴ |
| 11. | വിവാഹ രജിസ്ട്രേഷൻ (ഹിന്ദു വിവാഹ ചട്ടപ്രകാരം) | പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന ഹിന്ദു വിവാഹങ്ങൾ, വിവാഹ തീയ്യതി മുതൽ 15 ദിവസത്തിനുള്ളിൽ ബന്ധുക്കളല്ലാത്ത 2 സാക്ഷികൾ സഹിതം വധൂവരന്മാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരായി നിശ്ചിത ഫോറത്തിലുള്ള വിവാഹ റിപ്പോർട്ട് പൂരിപ്പിച്ച് രജസ്ട്രാർക്ക് നൽകേണ്ടതാണ്.<br>വിവാഹ റിപ്പോർട്ടിനൊടൊപ്പം വിവാഹ മണ്ഡപ / ക്ഷേത്ര അധികൃതരുടെ സർട്ടിഫിക്കറ്റ് / വിവാഹക്ഷണ പത്രിക / വാർഡു മെമ്പറുടെ സാക്ഷ്യപത്രം ഇവയിൽ ഏതെങ്കിലും ഒന്നും വധൂവരന്മാരുടെ വയസ്സ് തെളിയിക്കുന്ന രേഖയും ഹാജരാക്കേണ്ടതാണ്.<br>പുനർവിവാഹമാണെങ്കിൽ അത് സംബന്ധിച്ച നിയമാനുസൃത രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. | തത്സമയം | ഇല്ല സർട്ടിഫിക്കറ്റ് 10 രൂപ |
| 12 | നിശ്ചിത സമയ പരിധിക്കകം രജിസ്റ്റർ ചെയ്യാത്ത വിവാഹങ്ങളുടെ രജിസ്ട്രേഷൻ (ഹിന്ദു വിവാഹ ചട്ടപ്രകാരം) | എ) വിവാഹ തീയ്യതി മുതൽ 30 ദിവസം വരെ വിവാഹ റിപ്പോർട്ടിനും അനുബന്ധ രേഖകൾക്കും പുറമേ കാലതാമസം വന്നതിനുള്ള കാരണം വ്യക്തമാക്കുന്ന അപേക്ഷയും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് **(**ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്**)** നൽകുക.<br>ബി) വിവാഹതീയ്യതി മുതൽ 30 ദിവസത്തിനകം രജിസ്ട്രർ ചെയ്യാത്ത വിവാഹങ്ങൾ രജിസ്ട്രർ ചെയ്യുന്നതിന് ചീഫ് രജിസ്ട്രാറുടെ (കേരള പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം) അനുമതി ലഭിക്കേണ്ടതുണ്ട്. സംയു ക്ത അപേക്ഷ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം, വിവാഹ റിപ്പോർട്ട്, ക്ഷേത്രം അധികാരികളുടെ സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണപത്രിക, കാലതാമസം മാപ്പാക്കുന്നതിന് ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ, ലോക്കൽ രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ട് എന്നിവ സഹിതം അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കുക. | അനുമതി ലഭിക്കുന്ന മുറക്ക് | ഇല്ല |
| 13 | കെട്ടിടം, കിണർ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണ അനുമതി (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം) | നിശ്ചിത മാതൃകയിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാ മ്പ് പതിച്ചത്, ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, മഴവെള്ള സംഭരണിപ്ലാൻ, (തറവിസ്തീർണ്ണവും സ്ഥല വിസ്തീർണ്ണവും അടിസ്ഥാനമാക്കി ആവശ്യമെങ്കിൽ മാത്രം) എന്നിവ 3 കോപ്പി വീതം, പ്ലാൻ വരയുന്ന ലൈസൻസ്ഡ് എൻജിനീയറുടെ ലൈസൻസിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാരത്തിന്റെ പകർപ്പ്, സ്ഥലത്തിന്റെ ഭൂനികുതി രശീതി, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. അസ്സൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 15 ദിവസം | നിശ്ചിത നിരക്കിൽ |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 14 | പുതിയ കെട്ടിട നമ്പർ ലഭിക്കുന്നതിന് | കെട്ടിടം പൂർത്തിയായത് തെളിയിക്കുന്ന കംപ്ലീഷൻ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് (5രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്) എന്നിവ ലൈസൻസ്ഡ് എൻജിനീയറും കെട്ടിട ഉടമയും ഒപ്പിട്ടത്. **(അപേക്ഷ നൽകിയ കെട്ടിടങ്ങൾക്ക് പ്രസ്തുത ദിവസം കാണിച്ചിട്ടുള്ള അപേക്ഷ നൽകിയാൽ മതി.)** | 15 ദിവസം | ഇല്ല |
| 15 | കെട്ടിടം പെർമിറ്റ് കൈ മാറുന്നതിന് | വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോ ർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ആധാരത്തിന്റെ പകർപ്പ്, കൈവശവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി രശീതിയുടെ പകർപ്പ്, അസ്സൽ പെർമിറ്റ്, കൈമാറുന്നയാളുടെ സമ്മതപത്രം എന്നിവ സഹിതം പണി തുടർന്ന് നടത്തുന്നതിന് മുമ്പായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. അസ്സൽരേഖകൾ പരിശോധനയ്ക്ക് ഹാജരക്കേണ്ടതാണ്. | 15 ദിവസം | 25 രൂപ |
| 16 | വിവാഹ സർട്ടിഫിക്കറ്റ് | വിവാഹ തീയ്യതി വിവാഹം രജിസ്ട്രർ ചെയ്ത തീയ്യതി, വിവാഹ സ്ഥലം, വധൂവരന്മാരുടെ പേര്, മേൽവിലാസം, സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ലോക്കൽ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കുക. | 5 ദിവസം | 25 രൂപ |
| 17 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | വാർഡ് നമ്പർ, കെട്ടിട നമ്പർ, സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി വെള്ള കടലാസിൽ തയ്യാറിക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. കെട്ടിടത്തിന്റെ തൻവർഷത്തെ നികുതി അടച്ച രശീതിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. | 3 ദിവസം | ഇല്ല |
| 18 | താമസ സർട്ടിഫിക്കറ്റ് | വാർഡ് നമ്പർ, കെട്ടിട നമ്പർ, സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എ ന്നിവ രേഖപ്പെടുത്തി വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കുക. കെട്ടിടം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രമോ/2 പേരും ഒപ്പിട്ട വാടക കരാറോ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ നിർദിഷ്ട മാതൃകയിലുള്ള അപേക്ഷയും കുടുംബാംഗങ്ങളുടെ വിവരവും ആവശ്യമാണ്. | 7 ദിവസം | ഇല്ല |
| 19 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | അപേക്ഷകന്റേയും, കുടുംബത്തിന്റേയും പേർ വിവരം, ഇപ്പോൾ താമസിക്കുന്ന വാർഡ് നമ്പർ, കെട്ടിട നമ്പർ, സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) സമർപ്പിക്കുക. | 7 ദിവസം | ഇല്ല |
| 20 | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ | വെള്ള കടലാസിൽ 5രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിട ഉടമയും മുൻ ഉടമയും സംയുക്തമായി തയ്യാറിക്കിയ അപേക്ഷയോടൊപ്പം ആധാരത്തിന്റെ പകർപ്പ്, ഭൂനികുതി രശീതി കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. അസ്സൽരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണം. | 40 ദിവസം | ഇല്ല |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽ കേണ്ട ഫീസ് |
|---|---|---|---|---|
| 21 | കെട്ടിട നികുതി റിവിഷൻ ഹരജി | നികുതി ചുമത്തിയ നോട്ടീസ് കിട്ടി 30 ദിവസത്തിനകം വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക് സമർപ്പിക്കുക. | 30 ദിവസം | ഇല്ല |
| 22 | കെട്ടിട നികുതി ചുമത്തിയതിനെതിരെയുളള അപ്പീൽ | റിവിഷൻ ഹരജിയിൽ തീർപ്പ് കൽപിച്ച് അറിയിപ്പ് കിട്ടി 15 ദിവസത്തിനകം ചുമത്തിയ നികുതി ഡെപ്പോസിറ്റ് ചെയ്ത് 30 ദിവസത്തിനകം അപ്പീൽ ഹരജി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് സമർപ്പിക്കുക. | 30 ദിവസം | |
| 23 | കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് | വാർഡ് നമ്പർ, കെട്ടിട നമ്പർ, സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നിവ രേഖപ്പെടുത്തിയ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക്ക് നൽകുക. കെട്ടിടത്തിന്റെ നികുതി അടച്ച രശീതിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. | 15 ദിവസം | നിശ്ചിത നിരക്കിൽ |
| 24 | കെട്ടിട നികുതി ഒഴിവാക്കൽ | നികുതി ഒഴിവാക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപെടുത്തിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക. അതുവരെയുളള നികുതി തീർത്തടച്ചതിന്റെ രശീതി അടക്കം ചെയ്യുക. | 30 ദിവസം | ഇല്ല |
| 25 | വ്യാപാര സ്ഥാപനങ്ങൾക്കുളള ലൈസൻസ് | സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പോ വ്യാപാരം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പോ നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിടം സ്വന്തമല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകുക. അപേക്ഷയോടൊപ്പം വ്യാപാര സ്ഥാപനത്തിൽ പൊതുജന ശ്രദ്ധയ്ക്കായി പുകവലി നിരോധിച്ചിരിക്കുന്നു എന്ന ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടെന്നും പുകവലി പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പൊട്ടിച്ച തീപ്പെട്ടി, സിഗരറ്റ് ലൈറ്റർ മറ്റ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടില്ലെന്നും നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ല എന്നും കാണിക്കുന്ന സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ്. കൂടാതെ ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡ് പ്രദർശിപ്പിച്ചുവെന്ന സാക്ഷ്യപത്രവും ഹാജരാക്കണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമുള്ള സംഗതിയിൽ അപേക്ഷയോടൊപ്പം പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. | 15 ദിവസം | നിശ്ചിത നിരക്കിൽ |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 26 | വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സ്ഥാപനം ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖ, സ്ഥലത്തിന്റേയും കെട്ടിടത്തിന്റേയും അംഗീകൃത എഞ്ചിനീയർ / ബിൽഡിങ്ങ് സൂപ്പർവൈസർ തയ്യാറാക്കിയ പ്ലാൻ, ഗ്രീൻ ചാനൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ 2 കോപ്പി വീതവും ഇല്ലെങ്കിൽ 5 കോപ്പി വീതവും അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സെക്രട്ടറിക്ക് നൽകുക. സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമുള്ള സംഗതിയിൽ ആയത് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. | 15 ദിവസം | നിശ്ചിത നിരക്കിൽ |
| 27 | പട്ടിയെ വളർത്തുന്നതിനുള്ള ലൈസൻസ് | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് പേപ്പട്ടി വിഷ ബാധക്കെതിരെയുള്ള കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്ന വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രം സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക് അപേക്ഷ സമർപ്പിക്കുക. | 30 ദിവസം | 10 രൂപ |
| 28 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സറ്റാമ്പ് പതിച്ച് നടത്താനുദ്ദേശിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മത പത്ര സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. | 30 ദിവസം | 200 രൂപ |
| 29 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | സ്ഥാപനം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സറ്റാമ്പ് പതിച്ച് നടത്താനുദ്ദേശിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മത പത്രം, ഏർപ്പെടുത്തിയിരിക്കുന്ന പ്രാഥമിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ സ ഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകുക. | 30 ദിവസം | 200 രൂപ |
| 30 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കൽ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കെട്ടിടം സ്വന്തമല്ലെങ്കിൽ കെട്ടിട ഉടമയുടെ സമ്മത പത്രം സഹിതം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. | 20 ദിവസം | 50 രൂപ |
| 31 | രജിസ്റ്ററുകളുടെയും റിക്കാർഡുകളുടേയുംപകർപ്പ് | അപേക്ഷകന്റെ വ്യക്തമായ മേൽവിലാസം, ആവശ്യമായ രേഖകളുടെ വിവരം, രേഖ എന്താവശ്യത്തിനാണ് എന്നിവ രേഖപ്പെടുത്തിയ അപേക്ഷയിൽ 5 രൂപ കോർട്ട് ഫീ സറ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. | 30 ദിവസം | നിശ്ചിത നിരക്കിൽ |
| 32 | പൊതു പരാതികൾ | പരാതി സംബന്ധിച്ച കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. | 30 ദിവസം | ഇല്ല |
| 33 | ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷൻ | നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ജനന സർട്ടിഫിക്കറ്റ് /സ്കൂൾ സർട്ടിഫിക്കറ്റ്/പാസ്പോർട്ട് ഇവ ലഭ്യമെല്ലെങ്കിൽ മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്) റേഷൻ കാർഡ്, തിരിച്ചറിയൽരേഖ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. പെൻഷന് അപേക്ഷിക്കുന്നതിന് തൊട്ട് മുമ്പ് 3 വർഷം സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവരായിരിക്കണം. 60 വയസ്സ് പൂർത്തിയായിരിക്കണം. ആധാർ കാർഡ്, വയസ്സ് തെളിയിക്കുന്നതിന് മറ്റു രേഖകൾ ഇല്ലാത്തവർ ആയത് രേഖപ്പെടുത്തിയ സ്വയം സാക്ഷ്യപത്രം സമർപ്പിക്കണം. | 40 ദിവസം | ഇല്ല |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 34 | അഗതി പെൻഷൻ (വിധവകൾക്ക്) | നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, റേഷൻകാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖ, വരുമാന സർട്ടിഫിക്കറ്റ്, വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്ക് വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റോ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുക.<br>അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ചുരുങ്ങിയത് 2 വർഷമെങ്കിലും കേരളത്തിൽ സ്ഥിര താമസമുണ്ടായിരിക്കണം അപേക്ഷകയുടെ കുടുംബവാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്.<br>ഭർത്താവിനെ കാണതായി 7 വർഷം കഴിഞ്ഞവർക്കും പെൻഷന് അപേക്ഷിക്കാം. ആയത് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്.<br>ആധാർ കാർഡ്, വയസ്സ് തെളിയിക്കുന്നതിന് മറ്റു രേഖകൾ ഇല്ലാത്തവർ ആയത് രേഖപ്പെടുത്തിയ സ്വയം സാക്ഷ്യപത്രം സമർപ്പിക്കണം. പുനർവിവാഹം ചെയ്തിട്ടില്ല എന്ന സ്വയം സാക്ഷ്യപത്രം ആവശ്യമാണ് | 40 ദിവസം | ഇല്ല |
| 35 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്ല്യം സംഭവിച്ചവർ, ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർ | നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, (മെഡിക്കൽ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് /സാമൂഹ്യസുരക്ഷാമിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ്), റേഷൻകാർഡ്, തിരിച്ചറിയൽകാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക. ഊമയായവർ, ബധിരർ, അസ്ഥിവൈകല്യമുള്ളവർ, അന്ധർ, അംഗവൈകല്യമുള്ളവർ, ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർ, എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷകർ തുടർച്ചയായി 2 വർഷമായി സംസ്ഥാനത്ത് സ്ഥിരതാമസമുള്ളവരായിരിക്കണം. 40 ശതമാനമെങ്കിലും അംഗവൈകല്യമുള്ളവർക്കേ പെൻഷൻ അർഹതയുള്ളൂ. പ്രായപരിധിയില്ല. കുടുംബവാർഷിക വരുമാനം 100000രൂപയിൽ കവിയരുത്. | 40 ദിവസം | ഇല്ല |
| 36 | കർഷക തൊഴിലാളി പെൻഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, കർഷകതൊഴിലാളി ക്ഷേമനിധിബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ, റേഷൻകാർഡ്, വരുമാന സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുക.<br>അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷം കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം. കുടുംബവാർഷിക വരുമാനം 11000രൂപ. | 45 ദിവസം | ഇല്ല |
| 37 | നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | നിശ്ചിതമാതൃകയിലുള്ള അപേക്ഷ 2 കോപ്പി, അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ, വിവാഹിതയാകുന്ന പെൺകുട്ടിയുടെയും ആൺകുട്ടിയുടെയും വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചത് സംബന്ധിച്ചുള്ള സാക്ഷ്യപത്രം. റേഷൻകാർഡ്, വരുമാനസർട്ടിഫിക്കറ്റ്, തിരിച്ചറിയൽരേഖകൾ സഹിതം ഗ്രാമപഞ്ചയാത്ത് സെക്രട്ടറിക്ക് വിവാഹത്തിന് ഒരു മാസം മുമ്പെ അപേക്ഷ സമർപ്പിക്കുക. വിവാഹത്തിന് ഒരുമാസം മുമ്പെ അപേക്ഷിക്കാത്തപക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം. കുടുംബവാർഷികവരുമാനം 20000 രൂപയിൽ കവിയരുത്. വിവാഹിതായാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിരതാമസമായിരിക്കണം. സ്വർണ്ണം ഉൾപ്പടെയുള്ള സമ്പത്ത് 50000 രൂപയിൽ കവിയരുത്.<br>വിവാഹിതയാകുന്ന പെൺകുട്ടിയുടെ അമ്മ ജീവിച്ചിരിപ്പില്ലായെങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്ന ആൾക്കോ, പെൺകുട്ടിക്ക് സ്വയമോ അപേക്ഷിക്കാം.<br>ഭർത്താവ് ഉപേക്ഷിച്ചവർക്കും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും പെൺമക്കളുടെ വിവാഹ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. | 45 ദിവസം | ഇല്ല |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 38 | 50 വയസ്സ് തികഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, അവിവാഹിതയാണെന്നും, വരുമാനവും പ്രായവും തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫിസറിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, തിരിച്ചറിയൽരേഖ എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക.<br>കുടുംബവാർഷിക വരുമാനം 100000 രൂപയിൽ കവിയരുത്. 50 വയസ്സ് പൂർത്തിയായിരിക്കണം, കേരള സംസ്ഥാനത്ത് സ്ഥിരതാമസക്കാരിയായിരിക്കണം.<br>അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാവുന്നതാണ്.<br>ആധാർ കാർഡ് വയസ്സ് തെളിയിക്കുന്ന രേഖ എന്നിവ ആവശ്യമാണ്. | 40 ദിവസം | ഇല്ല |
| 39 | തൊഴിലില്ലായ്മ വേതനം (പ്രതിമാസം 120 രൂപ വീതം) | നിശ്ചിത മാതൃകയിലുള്ള അപേക്ഷ 2 കോപ്പി, എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എംപ്ലോയിമെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്,വരുമാനസർട്ടിഫിക്കറ്റ്, ഫോട്ടോപതിച്ച തിരിച്ചറിയിൽ കാർഡ്, റേഷൻകാർഡിന്റെ പകർപ്പ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, (ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കണം) സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കുക.<br>എസ്.എസ്.എൽ.സി. പാസ്സായിരിക്കണം, കുടുംബവാർഷിക വരുമാനം 12000രൂപയും വ്യക്തിഗതവരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്. എംപ്ലോയിമെന്റ് രജിസ്ട്രേഷൻ 18 വയസ്സിന് ശേഷം തുടർച്ചയായി 3 വർഷം സീനിയോറിറ്റി വേണം, പട്ടികജാതി/പട്ടികവർഗ/വികലാംഗർ അപേക്ഷകർക്ക് 2 വർഷം. യഥാ സമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം. പ്രായപരിധി 18നും 35നും ഇടയിൽ. | 45 ദിവസം | ഇല്ല |

പൊതു അറിയിപ്പ് :

(1) ധനകാര്യ വകുപ്പിന്റെ 23.9.2014ലെ ജി.ഒ.(പി) 409/2014 Fin നമ്പർ ഉത്തരവ് പ്രകാരം ഫീസ് / ചാർജുകൾക്ക് (നികുതിയേതര ഇനങ്ങൾ) താഴെ പറയും പ്രകാരം അധിക തുക ഈടാക്കുന്നതാണ്.

10 രൂപ മുതൽ 1000 രൂപ വരെ 50%.
1001 രൂപ മുതൽ 10000രൂപ വരെ 25%.
10001 നു മുകളിൽ 15%.

(2) കാലാ കാലങ്ങളിൽ ഗവ: ഇറക്കുന്ന ഉത്തരവുകളും സർക്കുലറുകളും പ്രകാരം മേൽപ്പറഞ്ഞ കാര്യങ്ങളിൽ മാറ്റം വരാവുന്നതാണ്.

## കുടുംബശ്രീ കഫെ

കൊളച്ചേരി പഞ്ചായത്തിലെ സ്ഥാപനമാണ് കുടുംബശ്രീകഫെ. കുടുംബശ്രീ യൂനിറ്റിൽ നിന്നും പ്രത്യേക പരിശീലനം ലഭിച്ചവരാണ് ഓഫീസ് കോമ്പൗണ്ടിലുള്ള കഫെ നടത്തുന്നത്. ഇത് മൂലം പഞ്ചായത്തത് ജീവനക്കാർക്കും പൊതുജനങ്ങൾക്കും മിതമായ നിരക്കിൽ ലഘുഭക്ഷണം ലഭിക്കാനുള്ള സൗകര്യം ഉണ്ട്.

## ജന സൗഹൃദ കേന്ദ്രം

പഞ്ചായത്തിൽ ദൈനംദിനം വിവിധ ആവശ്യങ്ങൾക്ക് വന്ന് പോയിക്കൊണ്ടിരിക്കുന്നവർക്ക് എത്രയും വേഗത്തിൽ തങ്ങളുടെ ആവശ്യങ്ങൾ ലഭിക്കകുന്നതിന് അവരെ സഹായിക്കുന്നതിന് വേണ്ടി ഹെൽപ്പ് ഡെസ്ക്കായി പഞ്ചായത്തിൽ ജന സൗഹൃദകേന്ദ്രം തുറന്ന് പ്രവർത്തനമാരംഭിച്ചിരിക്കുന്നു. 5 ജെഎൽജി ഗ്രൂപ്പ് അംഗങ്ങളാണ് ഈ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നത്.

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

ഒരു കുടുംബത്തിലെ കാർഡുടമകൾക്ക് വർഷത്തിൽ ആകെ 100 ദിവസം അവിദഗ്ധ കായിക തൊഴിൽ ഉറപ്പ്.

14 ദിവസത്തേക്ക് എങ്കിലും തൊഴിലിന് അപേക്ഷിക്കണം.

തൊഴിലിന് അപേക്ഷിച്ചാൽ 15 ദിവസത്തിനകം തൊഴിൽ

അപേക്ഷ നൽകേണ്ടത് ഗ്രാമപഞ്ചായത്തിൽ

താമസസ്ഥലത്തിന് 5കിമീ ചുറ്റളവിൽ തൊഴിൽ 5കിമീറ്ററിന് പുറത്താണെങ്കിൽ 10% അധിക വേതനം.

ഒരു ദിവസത്തെ വേതനം 291 രൂപ (ജോലിയുടെ അളവിന്റെ അനുപാതത്തിൽ വേതനം)

14 ദിവസത്തിനുള്ളിൽ വേതനം

സ്ത്രീക്കും പുരുഷനും തുല്യവേതനം

തൊഴിൽ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ കാർഡിലും മസ്റ്റർ റോളുകളിലും രേഖപ്പെടുത്തണം.

തൊഴിലിനിടയിൽ അപകടപ്പെട്ടാൽ സൗജന്യചികിത്സ

തൊഴിലിനിടയിൽ അപകട മരണമോ, സ്ഥിരമായ അംഗവൈകല്യമോ ഉണ്ടായാൽ എക്സ്ഗ്രേഷ്യോ പെയ്മെന്റ്.

തൊഴിലിടങ്ങളിൽ കുടിവെള്ളം, വിശ്രമസ്ഥലം, പ്രഥമശുശ്രൂഷ കിറ്റുകൾ എന്നിവയുടെ ലഭ്യത.

പണിസ്ഥലത്ത് തൊഴിലാളികളുടെ 6 വയസ്സിൽ താഴെയുള്ള 5 ലധികം കുട്ടികളുണ്ടെങ്കിൽ ആയയുടെ സേവനം.

മസ്റ്റർ റോളുകൾ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടെ പ്രവൃത്തിയുടെ ഏതു രേഖയും തൊഴിലാളിക്ക് പരിശോധിക്കാവുന്നതാണ്.

# ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങൾ

നേരിട്ടും അല്ലാതെയും ലഭിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നു. (അപേക്ഷകൾ, പരാതികൾ, രജിസ്റ്റേർഡ് കത്തുകൾ, ഫാക്സ് സന്ദേശം, ടെലിഫോൺ സന്ദേശം, മറ്റ് ഓഫീസിൽ നിന്നുള്ള കത്തുകൾ, ഇ-മെയിൽ എന്നിവയെല്ലാം തപാലിന്റെ ഗണത്തിൽപെടുന്നു.

ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ഉദ്യോഗസ്ഥൻ പേരുവെച്ചവ ഒഴികെയുള്ള എല്ലാ തപാലുകളും തുറന്ന് ഉടൻ തന്നെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ തപാലുകൾക്കും കൈപ്പറ്റ് രസീത് നൽകുന്നു. സേവനം നൽകുന്ന തീയ്യതി കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തുന്നതാണ്.

പഞ്ചായത്തിലേക്കുള്ള എല്ലാ പണമടവുകളും ചട്ടപ്രകാരമുള്ള രസീത് നൽകി ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം നടത്തുന്നു.

നിശ്ചിത തീയ്യതിയിൽ തന്നെ സേവനം സ്വീകരിക്കുന്നതിനായി അപേക്ഷകൻ ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പ് വെക്കേണ്ടതാണ്.

പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയായിരിക്കും ഫ്രണ്ട് ഓഫീസ് പ്രവർത്തനം. സാമ്പത്തീക ഇടപാടുകൾ 3 മണി വരെ മാത്രം

# കൊളച്ചേരി ഗ്രാമപഞ്ചായത്ത് - കൃഷിഭവൻ ജീവനക്കാരുടെ പ്രധാന ചുമതലകളും നിർവ്വഹണ മേഖലകളും

| തസ്തിക | പ്രധാന ചുമതലകൾ /നിർവ്വഹണ മേഖലകൾ |
|---|---|
| 1.കൃഷി ഓഫീസർ | കൃഷി ഭവന്റെ മുഴുവൻ ചുമതലകളും |
| 2.അസിസ്റ്റന്റ് കൃഷി ഓഫീസർ | ഓഫീസ് ഇൻചാർജ്ജ് പഞ്ചായത്തിലെ 4, 5 വാർഡുകൾ |
| 3.കൃഷി അസിസ്റ്റന്റ് 1 | പഞ്ചായത്തിലെ 6, 7, 8, 9, 10, 11, 12, 13 വാർഡുകൾ |
| 4.കൃഷി അസിസ്റ്റന്റ് 2 | പഞ്ചായത്തിലെ 1, 2, 3, 9, 14, 15, 16, 17 വാർഡുകൾ |

| നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യ മാക്കുന്നതിന് വേണ്ട പരമാവധി സമയപരിധി | നൽകേണ്ട ഫീസ് |
|---|---|---|---|---|
| 1 | വിവിധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ച വിവരം | ഓഫീസ് സമയങ്ങളിൽ കൃഷി ഭവനിലും, ഫീൽഡ് സന്ദർശന സമയത്തും | തത്സമയം | ഇല്ല |
| 2. | കാർഷിക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങൾ | ഓഫീസ് സമയങ്ങളിൽ കൃഷി ഭവനിലും, ഫീൽഡ് സന്ദർശന സമയത്തും | തത്സമയം | ഇല്ല |
| 3. | ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ച പഠനം റഫറൻസ് | കൃഷി ഭവനിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾ ജില്ലാ കൃഷി ഓഫീസറിൽ നിന്ന് ലഭിക്കുന്നു. | തത്സമയം | ഇല്ല |
| 4. | മണ്ണ് പരിശോധന, അനുസരണമായ വിള പരിപാലന ശുപാർശ | ഓഫീസറിൽ നിന്നുള്ള നിർദേശാനുസരണം കർഷകരുടെ പുരയിടത്തിൽ നിന്ന് ശേഖരിച്ച മണ്ണ് സാമ്പിൾ, കൃഷിക്കാരന്റെ മേൽവിലാസം, സർവ്വെ നമ്പർ, വിള വിസ്തൃതി എന്നിവ സഹിതം കൃഷി ഭവനിൽ നൽകുക. | 1 മാസം | ഇല്ല |
| 5. | അടിയന്തിര മണ്ണ് പരിശോധനാ ഫലം ലഭിക്കുന്നതിന് കരിമ്പം സൊയിൽ ടെസ്റ്റിങ്ങ് ലബോറട്ടറിയിലേക്കുള്ള ശുപാർശ | നിർദേശാനുസരണം മണ്ണ് സാമ്പിൾ കൃഷിയിടത്തിന്റെ വിവരണം, വിളവിവരം, കൃഷിക്കാരന്റെ ശരിയായ മേൽവിലാസം എന്നിവ സഹിതം കൃഷി ഭവനിൽ നൽകുക. | തത്സമയം സർട്ടിഫിക്കറ്റ് ലഭിക്കുന്നു. 5 ദിവസം കൊണ്ട് റിപ്പോർട്ട് കിട്ടും | 5 രൂപ |
| 6. | സഞ്ചരിക്കുന്ന മണ്ണ് പരിശോധന യൂണിറ്റിന്റെ സേവനം | ചുരുങ്ങിയത് 40 സാമ്പിൾ പരിശോധിക്കേണ്ടുന്ന അവസരത്തിൽ കൃഷിഭവനുമായി ബന്ധപ്പെടുക (പാടശേഖര സമിതി / ക്ലബ്ബുകൾ / കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിൽ പരിശീലനം നടത്തുക.) | ഫണ്ട് ലഭ്യതക്കനുസരിച്ച് അംഗീകരി ച്ച് കിട്ടിയാൽ മുൻ കൂട്ടി തീയ്യതി ലഭിക്കും. റിപ്പോർട്ട് അന്നുതന്നെ ലഭിക്കും | ഇല്ല |
| 7. | പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം ലഭിക്കാൻ | നാശനഷ്ടം സംഭവിച്ചു 10 ദിവസത്തിനുള്ളിൽ നിർദിഷ്ടഫോറത്തിൽ ഒരു കോപ്പി പൂരിപ്പിച്ചു കൃഷി ഓഫീസർക്ക് നൽകുക. (ഫോറത്തിന്റെ) മാതൃക കൃഷിഭവനിൽ നിന്ന് ലഭിക്കുന്നതാണ് (നികുതി രശീതി സഹിതം) | 10 ദിവസത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും. | ഇല്ല |

